# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1739 14.08.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെയുള്ള പോലീസ് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ് ഷെൽ പ്രയോഗം, ജലപീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ പോലീസ് ലാത്തി ചാർജ്ജോ, ടിയർഗ്യാസ് ഷെൽ പ്രയോഗമോ, ജലപീരങ്കി പ്രയോഗമോ നടത്തിയിട്ടില്ല. എന്നാൽ ചില സംഘടനകളോ / രാഷ്ട്രീയ പാർട്ടികളോ നടത്തിയിട്ടുള്ള പ്രതിഷേധ സമരങ്ങൾ / പ്രക്ഷോഭ പരിപാടികൾ എന്നിവ അക്രമാസക്തമായപ്പോൾ ആയതിനെ നിയന്ത്രണ വിധേയമാക്കുന്നതിനും ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിനും വേണ്ടി പോലീസ് ആറു തവണ ലാത്തിച്ചാർജ്ജും, പതിനാലു തവണ ടിയർഗ്യാസ് ഷെൽ പ്രയോഗവും, നാൽപ്പതു തവണ ജലപീരങ്കി പ്രയോഗവും നടത്തിയിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ ജനപ്രതിനിധികളോട് പോലീസ് അപമര്യാദയായി പെരുമാറിയെന്നോ മർദ്ദിച്ചുവെന്നോ ഉള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ കാലയളവിൽ ജനപ്രതിനിധികളോട് പോലീസ് അപമര്യാദയായി പെരുമാറിയതായ ആരോപണമുണ്ടായ 2 പരാതികൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.